# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6137

09/07/2013 - ൽ മറുപടിക്ക്

## മത്സ്യമേഖലയുടെ വികസനത്തിനായി പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷത്തെ ബഡ്ജറ്റുകളിൽ മത്സ്യമേഖലയുടെ വികസനവും മത്സ്യത്തൊഴിലാളി ക്ഷേമവും മുൻനിർത്തി പ്രഖ്യാപിച്ച പദ്ധതികൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ ; | (എ) | കഴിഞ്ഞ രണ്ടു വർഷത്തെ ബഡ്ജറ്റുകളിൽ മത്സ്യമേഖലയുടെ വികസനവും മത്സ്യത്തൊഴിലാളി ക്ഷേമവും മുൻനിർത്തി പ്രഖ്യാപിച്ച പദ്ധതികൾ താഴെ പറയുന്നവ ഒഴികെ എല്ലാം നടപ്പിലാക്കിയിട്ടുണ്ട്. 2012-13 വർഷത്തിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തീരദേശ വികസന അതോറിറ്റി, RIDF പദ്ധതി, മത്സ്യ ബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് നൽകൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (ബി) നടപ്പാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്; വിശദമാക്കാമോ ; ഓരോ ബഡ്ജറ്റിലും എന്തു തുക വീതം വകയിരുത്തപ്പെട്ടു ; ചെലവഴിക്കപ്പെട്ടത് എത്ര ; | (ബി) | 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു കോടി രൂപ തീരദേശ വികസന അതോറിറ്റിക്ക് നീക്കി വയ്ക്കുന്നുവെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തീരദേശ വികസന കോർപ്പറേഷൻ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതിനാൽ കോർപ്പറേഷനെ ശക്തിപ്പെടുത്താൻ തീരദേശ വികസന അതോറിറ്റി രൂപീകരിക്കേ |

ണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി. 2012-13 - ലെ മത്സ്യ വകുപ്പിന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നബാർഡ് ധന സഹായമുപയോഗിച്ച് നടപ്പിലാക്കുന്ന RIDF പദ്ധതികൾക്ക് അനുമതി നൽകാത്തതുമൂലം നടപ്പിലാക്കാൻ കഴിഞ്ഞില്ല. 10.89 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി നബാർഡ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. മത്സ്യബോർഡ് മുഖേന നടപ്പിലാക്കുന്നതിനായി മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ എന്ന പദ്ധതി 2012-13 ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ ഭൂരിഭാഗം ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ വേണ്ടത്ര താൽപ്പര്യം പ്രകടിപ്പിക്കുകയോ, ഇൻഷ്വർ ചെയ്യുന്നതിന് മുന്നോട്ടു വരികയോ ചെയ്യാത്തതിനാൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയില്ല.

(സി) പ്രസ്തുത ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ ?

(സി) മത്സ്യത്തൊഴിലാളി മേഖലയുടെ സാമൂഹിക, സാമ്പത്തികപരമായ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് മത്സ്യമേഖലാ പദ്ധതികൾ നടപ്പിലാക്കുന്നത്. 2012-13 വർഷത്തിലെ പദ്ധതി ലക്ഷ്യവും നേട്ടവും അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**